All Kerala Press Release
563/*KCBC/K-6/KPR/DS*

# ജയലളിത പാവങ്ങളോടുള്ള കരുതൽ ഭരണത്തിൽ പ്രതിഫലിപ്പിച്ച നേതാവ്: കർദിനാൾ മാർ ക്ലീമിസ്

കൊച്ചി: പാവങ്ങളോടുള്ള കരുതൽ ഭരണതലങ്ങളിൽ പ്രതിഫലിപ്പിച്ച ജനകീയ നേതാവായിരുന്നു അന്തരിച്ച തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിതയെന്നു കെസിബിസി പ്രസിഡന്റ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുസ്മരിച്ചു. പിഒസിയിൽ നടക്കുന്ന കെസിബിസി സമ്മേളനം ജയലളിതയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

രാഷ്ട്രീയത്തിലും ഭരണത്തിലും നേതൃത്വത്തിനു തനതായ മുഖം നല്കാൻ ജയലളിതക്കു സാധിച്ചു. ജനങ്ങളുടെ മനസറിഞ്ഞുകൊ ു നിലപാടുകൾ രൂപപ്പെടുത്താനും പ്രയോഗതലത്തിൽ എത്തിക്കാനും പ്രത്യേകം ശ്രദ്ധിച്ചതു ദേശീയതലത്തിൽ ജയലളിതയെ ശ്രദ്ധേയയാക്കി. തമിഴ് ജനതയുടെ ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ ജയലളിതയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതായും കർദിനാൾ സന്ദേശത്തിൽ പറഞ്ഞു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.